പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 460 22.07.2015 ൽ മറുപടിക്ക്

## എയർ കേരള വിമാന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.കെ.വിജയൻ<br>,, വി.എസ്.സുനിൽ കുമാർ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ചിറ്റയം ഗോപകുമാർ : | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെയും സിയാൽ കമ്പനിയുടെയും ഉടമസ്ഥതയിലുള്ള എയർ കേരള വിമാന പദ്ധതി പ്രകാരം വിമാന സർവ്വീസ് ആരംഭിക്കുന്നതിനുള്ള നിബന്ധനകളെല്ലാം പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വെളിപ്പെടുത്തുമോ; | (എ) | ഇല്ല. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. എയർ കേരള ഇന്റർ നാഷണൽ സർവ്വീസ് കമ്പനിക്ക് പ്രസ്തുത യോഗ്യതകൾ ഇല്ലാത്തതിനാലാണ് നിബന്ധനകൾ പാലിക്കപ്പെടാൻ കഴിയാത്തത്. |
| (ബി) | ഈ പദ്ധതിക്കായി കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി നേടിയെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ? | (ബി) | ഇല്ല. എയർ കേരള ഇന്റർ നാഷണൽ സർവ്വീസ് കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവു ചെയ്ത് നല്കണമെന്ന് കേന്ദ്ര വ്യോമയാന |

| | | | |
|---|---|---|---|
| | | | മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്തർദേശീയ വ്യോമയാന മേഖലയിലെ ദീർഘകാല പ്രവൃത്തി പരിചയം കണക്കിലെടുത്ത് സിയാലിന്റെ നേതൃത്വത്തിൽ 'AIR KERALA' എന്ന പേരിൽ International Budget Air അനുവദിക്കുന്നതിന് ആവശ്യമായ ഇളവുകളും അനുമതിയും നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് സംസ്ഥാന സർക്കാർ നിരന്തരം അവശ്യപ്പെട്ടു വരുന്നുണ്ട്. 08.06.2015ലും മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ